15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167 | 05-12-2022 - ൽ മറുപടിയ്ക്ക്

## വൺ ഹെൽത്ത് പ്രോജക്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൺ ഹെൽത്ത് പ്രോജക്റ്റ് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | **കേരള പുന നിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായത്തോടെ നവകേരളാ കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് വൺ ഹെൽത്ത്**<br><br>**<u>ലക്ഷ്യങ്ങൾ</u>**<br><br>**ജന്തുജന്യരോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണമായ കാര്യങ്ങളുടെ നിരീക്ഷണം**<br><br>**ഇതിലേക്ക് നയിക്കുന്ന ഘടകങ്ങളുടെ നേരത്തെയുള്ള കണ്ടെത്തൽ**<br><br>**ആവശ്യകത അടിസ്ഥാനമാക്കിയുള്ള പങ്കാളിത്ത ഇടപെടലുകളും പ്രവർത്തനങ്ങളും**<br><br>**<u>പ്രവർത്തനങ്ങൾ</u>**<br><br>**ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ പദ്ധതി ആരംഭിച്ചു.**<br><br>**വൺ ഹെൽത്ത് പദ്ധതിയുടെ സംസ്ഥാനതല പരിശീലകരുടെ പ്ലാനിങ് യോഗവും പരിശീലനവും ജൂലൈ മാസം 30ന് തൃശ്ശൂർ കിലയിൽ വെച്ച് പൂർത്തിയാക്കി**<br><br>**വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ വിവിധ വകുപ്പുകളുടെ തലവന്മാർക്കുള്ള സംസ്ഥാനതല പരിശീലനവും ആസൂത്രണ ശില്പശാലയും ആദ്യഘട്ടത്തിലെ നാല് ജില്ലകളിലെ വകുപ്പ് മേധാവികൾക്കുള്ള** |

| | | | | |
|---|---|---|---|---|
| | | | | ജില്ലാതല പരിശീലനവും ആസൂത്രണ ശില്പശാലയും പൂർത്തിയാക്കി.<br><br>വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ ലാബുകളിലെ ജീവനക്കാർക്കുള്ള പരിശീലനം 2022 സെപ്റ്റംബർ മാസം പൂർത്തിയാക്കി.<br><br>പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ബ്ലോക്ക്തല ശില്പശാലകൾ പൂർത്തിയാക്കി.<br><br>പദ്ധതി ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, സെക്രട്ടറിമാർക്കും, അനുബന്ധ മിഷനുകളിലെ പ്രതിനിധികൾക്കും, എൻ.ജി.ഒ പ്രതിനിധികൾക്കുമായുള്ള പരിശീലനങ്ങൾ കിലയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു.<br><br>വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ ലാബ് ശാക്തീകരണം സർവയലൻസ് ശാക്തീകരണം എന്നിവയ്ക്കായി ലാബുകളിലെ ഗ്യാപ്പ് അനാലിസിസ്, സർവൈലൻസ് ഗ്യാപ്പ് അനാലിസിസ് ഇവ ചെയ്യുന്നതിനായുള്ള ടൂൾ വികസിപ്പിച്ചു. വൺ ഹെൽത്ത് പദ്ധതിയിൽ ഭാഗഭാക്കാകുന്ന വിവിധ വകുപ്പുകൾക്കും, വകുപ്പുകളിലെ ലാബ് മേധാവികൾക്കും കൈമാറുകയും പദ്ധതി നടത്തിപ്പിനാവശ്യമായ ഗ്യാപ്പ് ആൻഡ് നീഡ് അസ്സെസ്സ്മെന്റ് പൂർത്തിയാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാഗമായ ലാബ് ശാക്തീകരണം, സർവയലൻസ് ശാക്തീകരണം എന്നിവയ്ക്കുള്ള നടപടികൾ തുടർന്നുവരുന്നു.<br><br>സ്റ്റേറ്റ് വൺ ഹെൽത്ത് സെന്റർ സജ്ജമാക്കുന്നതിനുള്ള അവലോകന പ്രക്രിയ നടന്നു വരുന്നു .<br><br>ഓണം വാരാഘോഷത്തിന്റെ ഭാഗമായി ജനങ്ങളിൽ പദ്ധതിയെപ്പറ്റിയുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൺ ഹെൽത്ത് പദ്ധതിയുടെ നിശ്ചല ചിത്രം പ്രദർശിപ്പിച്ചു. |
| (ബി) | ഈ പദ്ധതിക്കായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ പേര് വിവരം, തസ്തിക, നിയമന രീതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | | (ബി) | ആരോഗ്യ വകുപ്പ് കാര്യാലയത്തിലെ സംസ്ഥാന വൺ ഹെൽത്ത് യൂണിറ്റിലേക്ക് മൂന്ന വിദഗ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന പ്രക്രിയ പൂർത്തീകരിച്ചു ((Communication, IT Public |

<table>
<tr><td></td><td></td><td></td><td>Health)). ഈ പോസ്റ്റുകളിലേക്കുള്ള നോട്ടിഫിക്കേഷൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD) വഴി നം. CMD/RKI/00/2021, തീയതി :2-12-2021 ൽ പബ്ലിഷ് ചെയ്യുകയും തുടർന്നു ഇന്റർവ്യൂ നടത്തി COMMUNICATION SPECIALIST, M&D DATA MANAGEMENT & IT EXPERT OPERATION OF PROJECT MANAGEMENT EXPERT എന്നീ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.
<table>
<tr><th>Name</th><th>Designation</th></tr>
<tr><td>Smt. Dalia C Jose</td><td>Operations/Project Management Expert</td></tr>
<tr><td>Shri Amal Vijay</td><td>M&E, Data Management and IT Expert</td></tr>
<tr><td>Shri Anvar J</td><td>Communication Specialist</td></tr>
</table>
</td></tr>
<tr><td>(സി)</td><td>ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ?</td><td>(സി)</td><td>ജന്തുജന്യരോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണം<br><br>ഇതിലേക്ക് നയിക്കുന്ന ഘടകങ്ങളുടെ നേരത്തെയുള്ള കണ്ടെത്തൽ<br><br>ആവശ്യകത അടിസ്ഥാനമാക്കിയുള്ള പങ്കാളിത്ത ഇടപെടലുകളും പ്രവർത്തനങ്ങളും<br><br>One Health Project നടപ്പിലാക്കുന്നതിന് വേണ്ടി ലാബ് നെറ്റ്‌വർക്കുകളുടെ ശാക്തീകരണം.</td></tr>
</table>

സെക്ഷൻ ഓഫീസർ